പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3419

22-08-2017 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## മാസ്കറ്റ് ഹോട്ടലിൽ നടന്ന സമവായ ചർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി. എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) രാഷ്ട്രീയ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി 31.07.2017 ൽ മാസ്കറ്റ് ഹോട്ടലിൽ സമവായ ചർച്ചയ്ക്ക് വിളിച്ചചേർത്ത യോഗം നടന്ന ഹാളിലെ പ്രാരംഭ ദൃശ്യങ്ങൾ പകർത്താനെത്തിയ മാധ്യമപ്രവർത്തകരെ യോഗ ഹാളിൽ നിന്ന് പുറത്താക്കിയിട്ടുണ്ടോ ; | (എ) (ബി) & (സി) മാധ്യമപ്രവർത്തകർക്ക് പ്രവേശനമുള്ളതും അവർ റിപ്പോർട്ട് ചെയ്യേണ്ടതുണ്ടെന്ന് കരുതുന്നതുമായ പരിപാടികൾ അവരെ നേരത്തെ അറിയിക്കാറുണ്ട്. ഈ യോഗം പരസ്യസ്വഭാവത്തിലുള്ളതായിരുന്നില്ല. അതുകൊണ്ടുതന്നെ, അവിടേക്ക് മാധ്യമ പ്രവർത്തകരെ ആരും ക്ഷണിച്ചിരുന്നില്ല. യോഗതീരുമാനങ്ങൾ പിന്നീട് മാധ്യമ പ്രവർത്തകരെ അറിയിച്ചിരുന്നു. |
| (ബി) ഇത്തരം യോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽനിന്ന് മാധ്യമപ്രവർത്തകരെ വിലക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; 31.07.2017-ലെ യോഗം റിപ്പോർട്ട് ചെയ്യുവാൻ പാടില്ലെന്ന് മാധ്യമ പ്രവർത്തരെ നേരത്തെ അറിയിച്ചിട്ടുണ്ടായിരുന്നോ ; | |
| (സി) രാഷ്ട്രീയസംഘർഷങ്ങൾ ഇല്ലാതാക്കുവാൻ വിളിച്ചചേർക്കുന്ന ഇത്തരം യോഗങ്ങൾ മാധ്യമ പ്രവർത്തകർ കവർ ചെയ്യുന്നത് അനുവദിക്കാതിരിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ